പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --5775 27.10.2011- ലെ മറുപടിക്ക്

## നോർക്കയുടെ കീഴിൽ പഠനകേന്ദ്രങ്ങൾ തുടങ്ങാൻ സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) നോർക്കയുടെ കീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സാങ്കേതിക പഠനകേന്ദ്രങ്ങളുടെ വിവരങ്ങൾ വിശദീകരിക്കാമോ ; | (എ) നോർക്കയുടെ കീഴിൽ നേരിട്ട് സാങ്കേതിക പഠന കേന്ദ്രങ്ങൾ നടത്തിവരുന്നില്ല. പ്രാപ്തരായ സ്വകാര്യ സ്ഥാപനങ്ങൾ വഴി ആവശ്യമുള്ള കോഴ്സുകൾ നടത്താൻ മാത്രമാണ് പരിശ്രമിക്കുന്നത്. |
| (ബി) പഠന കേന്ദ്രങ്ങൾ തുടങ്ങാൻ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; | (ബി) അപ്രകാരം സാമ്പത്തിക സഹായം നൽകുന്നില്ല. |
| (സി) നിലവിലുള്ള ഐ.റ്റി.ഐ. കളോട് ചേർന്ന് ഇത്തരം കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) വിദേശ തൊഴിൽകാംക്ഷികൾക്ക് അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിലേക്ക് 2009 - 10 സാമ്പത്തിക വർഷം മുതൽ സർക്കാർ സാമ്പത്തിക സഹായത്തോടെ നോർക്ക – റൂട്ട്സിന്റെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി(സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം) ആരംഭിച്ചു. തുടക്കത്തിൽ സംസ്ഥാനത്തുടനീളമുള്ള |

എട്ട് പ്രൈവറ്റ് സ്ഥാപനങ്ങൾ വഴി 18 കോഴ്സുകൾ ആണ് ആദ്യ ബാച്ചുകളിൽ നടത്തി വന്നത്. ശേഷം ഫലപ്രദമായി കോഴ്സുകൾ നടത്താൻ പ്രാപ്തരായ മറ്റു സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 20 സ്ഥാപനങ്ങൾ വഴി 29 കോഴ്സുകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ